## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 3380

14.07.2015 - ൽ മറുപടിക്ക്

### കെട്ടിട നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

ചോദ്യം
ശ്രീമതി. കെ.എസ്. സലീഖ

മറുപടി
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും & കെട്ടിട നിർമ്മാണ മേഖലയെ ബാധിച്ചുവോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) : (ബി) | നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും കെട്ടിട നിർമ്മാണ മേഖലയെ ബാധിച്ചിട്ടുണ്ട്. രൂക്ഷമായ മണൽ ക്ഷാമം പരിഹരിക്കുന്നതിനായി അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് 04/03/2014-ലെ സ.ഉ.(എം.എസ്സ്) 38/14/വ്യവ പ്രകാരം കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധി വരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സിമന്റ്, കമ്പി എന്നിവ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്. സിമന്റ് ബ്ലോക്കുകൾ, പെയിന്റ്, റെഡിമിക്സ് മോർട്ടാർ എന്നിവ വിതരണം ചെയ്യാനും നടപടികൾ സ്വീകരിച്ചു വരുന്നു. ക്രഷർ ഉത്പന്നങ്ങളുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് മലപ്പുറം സിമന്റ് ബ്ലോക്ക് മാനുഫാക്ചറിങ് അസോസിയേഷൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ |

എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മീറ്റിങ് വിളിച്ച് ചേർക്കുകയും സാധ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും അതിന നുസരിച്ച് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുസരിച്ച് മൈനിങ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റുകൾ നിയമാനുസൃതം നൽകി വരുന്നുണ്ട്.

(ബി) ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ നടക്കുന്ന സീസണുകളിൽ സിമന്റ് കമ്പനികൾ വിലകൂട്ടുന്നതു തടയുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും ഈ സർക്കാർ അധികാരത്തിൽ എത്തിയപ്പോഴുള്ള സിമന്റ് വിലയും നിലവിലെ സിമന്റ് വിലയും എത്രയെന്നും വ്യക്തമാക്കുമോ ;

(സി) : സിമന്റ് കമ്പനികൾ വില കൂട്ടുന്നത് തടയുന്നതിനായി 05/02/15-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലെ സിമന്റ് നിർമ്മാതാക്കളുമായി ചർച്ച നടത്തി, അനന്തര നടപടികൾ സ്വീകരിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സിമന്റിന് 300/- രൂപയും നിലവിലെ വില 380/-രൂപയുമാണ്.

(ഡി) തമിഴ്നാട് ഉൾപ്പെടെ പല സംസ്ഥാനങ്ങളും കുറഞ്ഞ വിലയ്ക്ക് സിമന്റും മറ്റു കെട്ടിട നിർമ്മാണ സാമഗ്രികളും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് സംസ്ഥാനത്തും നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) : പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ലഭ്യമല്ല.

(ഇ) കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ ലഭ്യമാകാത്തത് മൂലം പാറപ്പൊടിയുടെയും മറ്റു നിർമ്മാണ ഉല്പന്നങ്ങളുടെയും വില വർദ്ധിച്ചത് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഇ) : സിഡ്കോ സംസ്ഥാനത്തിനു പുറത്തു നിന്നും മണൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (എഫ്) നിർമ്മാണ വസ്തുക്കളുടെ ക്ഷാമവും വിലക്കയറ്റവും മൂലം പൊതുമരാമത്ത് പണികളും കെട്ടിട നിർമ്മാണവും മുടങ്ങി കിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ഇങ്ങനെ കെട്ടിടനിർമ്മാണം തുടങ്ങി പൂർത്തീകരിക്കാൻ കഴിയാത്തവർ എത്രയെന്നും വ്യക്തമാക്കുമോ ; ഇതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ? | (എഫ്): പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ്, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിന്റെ 50% സിഡ്കോ വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ.